**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5739** | **05.07.2013 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിന് മാനദണ്ഡങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ് :<br>'' അൻവർ സാദത്ത്:<br>'' കെ. മുരളീധരൻ :<br>'' സണ്ണി ജോസഫ് : | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിന് മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ടോ; | (എ) ചില മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;<br><br>(സി) ധനസഹായം ലഭിക്കുന്നതിനുള്ള പരാമാവധി വാർഷിക വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(ഡി) ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരപരിധി സംബന്ധിച്ച വിവരങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | **(ബി), (സി) & (ഡി)**<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള പരമാവധി വാർഷിക വരുമാന പരിധി ഇരുപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും റവന്യൂ വകുപ്പ് മന്ത്രിക്ക് അനുവദിക്കാവുന്ന തുകയായ 2,000/- രൂപ 5000/- രൂപയായും, ജില്ലാകളക്ടർമാർക്ക് അനുവദിക്കാവുന്ന തുകയായ 1000/- രൂപ, 2000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെയും, പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും പതിനായിരം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ മന്ത്രിസഭയുടെ അനുമതി കൂടാതെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. |

Vaijayan

**സെക്ഷൻ ഓഫീസർ.**